വതരിപ്പിച്ചാൽ പാസാവുമെന്ന് ഉറപ്പാണ്.

ഗാഡ്ഗിൽ വിഷയവുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റി കലക്ടറേറ്റിൽ തെളിവെടുപ്പിന് വന്ന സമയത്ത് ഞാനും പങ്കെടുത്തിരുന്നു. നാലു വർഷം മുമ്പ് രൂപീകരിക്കപ്പെട്ട ബാണാസുര പ്രകൃതി സംരക്ഷണ സമിതിയുടെ പ്രവർത്തകൻ എന്ന നിലയിൽക്കൂടിയാണ് അവിടെ പോയത്. ഗാഡിഗിൽ റിപ്പോർട്ടിൽ പറയുന്ന പരിസ്ഥിതി ലോല പ്രദേശമായി പടിഞ്ഞാറത്തറ വില്ലേജിനെ ഉൾപ്പെടുത്തണമെന്ന ആവശ്യമാണ് അന്ന് യോഗത്തിൽ ഉന്നയിച്ചത്. എന്നാൽ ഇതിനെതിരെ എതിർപ്പുകൾ ഉയർന്നു വന്നു. എന്നെ സംസാരിക്കാൻ അനുവദിക്കാതിരിക്കുകയും കൈയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയും ചെയ്തു.

ഏറെ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശമാണ് പടിഞ്ഞാറത്തറ. ഈ പ്രദേശത്തേക്കുള്ള ജലത്തിന്റെ അടിസ്ഥാനം ബാണാസുര മലയാണ്. എന്നാൽ ബാണാസുര മലയുടെ താഴ്വാരങ്ങളിൽ അനധികൃത ക്വാറികൾ ഇന്ന് വ്യാപകമാണ്. വാരാമ്പാറ- പുതുശേരി പുഴയെ ദിശമാറ്റി ഒഴുക്കിയാണ് ബാണാസുര ഡാം പ്രവർത്തിക്കുന്നത്. പുഴയെ ദിശമാറ്റി ഒഴുക്കുന്നത് പ്രകൃതി അനുകൂലമായ രീതിയല്ല. ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലായാൽ ഡാം ഡികമ്മീഷൻ ചെയ്യേണ്ടി വരും. പത്ത് വർഷമായി ഡാം പ്രവർത്തിക്കുന്നുണ്ട്. ജലനയത്തിന് എതിരായാണ് ഡാം പ്രവർത്തിക്കുന്നത്. ഇതൊക്കെയാണ് പരിസ്ഥിതി ലോല പ്രദേശമായി പടിഞ്ഞാറത്തറയെ ഉൾപ്പെടുത്തുന്നതിൽ എതിർപ്പുണ്ടാകാനുള്ള കാരണം.

അത്താണി പ്രദേശത്ത് പ്രവർത്തിക്കുന്ന ക്വാറിയുടെ അവശിഷ്ടങ്ങൾ അവിടെയുള്ള ജലസ്രോതസുകളെ മലിനമാക്കിയിട്ടുണ്ട്. രാഷ്ട്രീയ പാർടി ബന്ധമുള്ളവരാണ് ക്വാറി ഉടമകൾ. 13 വർഷമായി പ്രവർത്തിച്ച ക്വാറി പിന്നീട് അടച്ചുപൂട്ടി. പൂട്ടണമെന്ന പ്രമേയം പഞ്ചായത്തിൽ പരാജയപ്പെട്ടിരുന്നു. പുഴയിൽ നിന്നുള്ള അനധികൃത മണൽ വാരലാണ് പഞ്ചായത്ത് നേരിടുന്ന മറ്റൊരു പരിസ്ഥിതിക പ്രശ്നം. ഗാഡിഗിൽ റിപ്പോർട്ടിനെ സംബന്ധിച്ച് പഞ്ചായത്തിലെ ജനങ്ങൾക്ക് ഇപ്പോഴും അനുകൂലമായ അഭിപ്രായമാണ് ഉള്ളത്.

## ഗ്രാമസഭകളിലെ ചർച്ചയ്ക്ക് ശേഷം പഞ്ചായത്ത് യോഗത്തിൽ അവതരിപ്പിച്ച പ്രമേയം

**നമ്മുടെ** പഞ്ചായത്തിൽ കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ എല്ലാ വാർഡുകളിലും പരിസ്ഥിതി സംരക്ഷണ ഗ്രാമസഭകൾ നടത്തിയല്ലോ. കേരളത്തിൽ ആദ്യമായി പ്രകൃതിയെ സംരക്ഷിക്കുന്നതിന് വേണ്ടി മാത്രമായി ഗ്രാമസഭകൾ വിളിച്ചുചേർത്ത ആദ്യത്തെ പഞ്ചായത്ത് എന്ന നിലയിൽ നമുക്ക് അഭിമാനിക്കാം. നമ്മുടെ രാജ്യത്ത് ഏറ്റവും നല്ല കാലാവസ്ഥയുള്ളത് എന്നു വിശേഷിപ്പിക്കപ്പെടുന്ന വയനാട്ടിൽ പോലും കാലാവസ്ഥയ്ക്ക് പ്രത്യക്ഷമായ മാറ്റങ്ങൾ വന്നിരിക്കുന്നു. കേരളത്തിലെ ചിറാപൂഞ്ചി എന്നറിയപ്പെട്ടിരുന്ന വയനാടിന്റെ നനുത്ത തണുപ്പും മൂടൽമഞ്ഞും നമുക്ക് നഷ്ടമാകുന്നു. തെറ്റായ കൃഷിരീതികൾ നമ്മുടെ കൃഷിയെ പരാജയത്തിലേക്ക് തള്ളിവിടുന്നു. ഈ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും വേണ്ടിയാണല്ലോ നാം ഗ്രാമസഭകൾ വിളിച്ച് ചേർത്തത്. വയനാട് ഉൾപ്പെടുന്ന പശ്ചിമഘട്ട മലനിരകൾ സംരക്ഷിക്കുന്നതിന് ചുമതലപ്പെടുത്തിയ മാധവ് ഗാഡ്ഗിൽ അധ്യക്ഷനായ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ച ചെയ്തു. ഇതിന് വേണ്ടി എം.എസ്. സ്വാമിനാഥൻ റിസർച്ച് സെന്ററിൽ നിന്ന് പരിചയ സമ്പന്നരായ ശാസ്ത്രജ്ഞരെ യോഗങ്ങളിൽ പങ്കെടുപ്പിച്ചു. ശ്രീമതി സുമ വിഷ്ണുദാസ്, എൻ.കെ. റഷീദ് എന്നിവർ ഗ്രാമസഭകളിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം വിശദീകരിച്ചു. വയനാട് ഉൾപ്പെടെയുള്ള പശ്ചിമഘട്ട മലനിരകളിൽ ജനിതകമാറ്റം വരുത്തിയ വിത്തുകൾ ഉപയോഗിക്കാതിരിക്കുക, വ്യാപാര സ്ഥാപനങ്ങളിലും മറ്റുമുള്ള പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം നിർത്തലാക്കുക, വിവേചനരഹിതമായ മരംമുറി കർശനമായി നിയന്ത്രിക്കുക, പ്രത്യേക സാമ്പത്തിക മേഖലയും ഹിൽസ്റ്റേഷനുകളും പശ്ചിമഘട്ടത്തിൽ ഒഴിവാക്കുക, വനഭൂമി കൃഷിഭൂമിയാക്കുന്നത് തടയുക എന്നീ നിർദ്ദേശങ്ങൾ ഗ്രാമസഭ അംഗീകരിച്ചു. തുറസ്സായ പൊതുസ്ഥലങ്ങളിൽ പ്രകൃതിക്ക് അനുകൂലമായ രീതിയിൽ വനവൽക്കരണം നടത്തുക, വയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നത് നിയന്ത്രിക്കുക, പ്രകൃതിയിലെ മരങ്ങളും മേൽമണ്ണും സംരക്ഷിക്കുക, മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കുക, ജലം-മണ്ണ്-വായു എന്നിവ മലിനമാകുന്ന വ്യവസായങ്ങൾ അനുവദിക്കാതിരിക്കുക, നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമായിരിക്കുക, പുഴകളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തുക എന്നീ നിർദ്ദേശങ്ങളും നടപ്പിൽ വരുത്തേണ്ടതും പ്രകൃതിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണെന്നും ഗ്രാമസഭകൾ വിലയിരുത്തി. പശ്ചിമഘട്ട മേഖലയിൽ ജൈവകൃഷി പ്രോത്സാ ⇨